12. പ്രൊഫ. കെ.വി. തോമസ്, കാക്കത്തോട്ടത്തിൽ, സുൽത്താൻബത്തേരി, വയനാട്—മെമ്പർ

13. പ്രൊഫ. കെ.പി. ജോയി, കളപ്പുരയ്ക്കൽ ഹൗസ്, ചങ്ങനാശ്ശേരി, കോട്ടയം—മെമ്പർ

14. ശ്രീ. ജി. ജയപ്രകാശ്, വടക്കേപറമ്പിൽ, തില്ലേരി, കൊല്ലം—മെമ്പർ

15. അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്—മെമ്പർ

16. മെമ്പർ സെക്രട്ടറി (ഇപ്പോൾ ചെയർമാൻ മെമ്പർ സെക്രട്ടറിയുടെ ചുമതല കൂടി വഹിക്കുന്നു.)

(ബി)—(ഡി) നിലവിലുള്ള മെമ്പർമാർക്കെതിരെ നിലവിൽ ഇതു സംബന്ധിച്ച് ആരോപണങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻ മെമ്പർ സെക്രട്ടറിയുടെ പേരിൽ C. V. നിലവിലുണ്ട്.

സാംക്രമിക രോഗങ്ങളെക്കുറിച്ച് പഠനം

138 [3839] *ശ്രീ. എ. എ. അസീസ് :*

,, കോവൂർകുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സാംക്രമിക രോഗങ്ങളെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

ആലപ്പുഴ, കുട്ടനാട് ഭാഗങ്ങളിലുണ്ടായ ജപ്പാൻ ജ്വരം സംബന്ധിച്ച് ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ച് സെന്ററിന്റെ കീഴിലുള്ള സെന്റർ ഫോർ റിസർച്ച് ഇൻ മെഡിക്കൽ എന്റമോളജി, മധുര, പഠനങ്ങൾ നടത്തിയിട്ടുണ്ട്. ക്യൂലക്സ് വിഭാഗത്തിൽപ്പെട്ട വിഷ്ണുവായ് ട്രൈറ്റിനിയോറിംഗ്സ്, മാൻസോണിയ എന്നീ വർഗ്ഗങ്ങളിൽപ്പെട്ട കൊതുകുകളാണ് ജപ്പാൻ ജ്വരം പരത്തുന്നതെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തുണ്ടായ ഡെങ്കിപ്പനിയെ സംബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ്, ഡൽഹി പഠനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പ് സംയുക്തമായി നടത്തിയ പഠനങ്ങളിൽ ഡെങ്കിപ്പനി പരത്തുന്ന ഈഡീസ് വിഭാഗം കൊതുകുകളെ കണ്ടെത്തുകയും അതിൽ ഈഡീസ് ആൻബോപിക്റ്റസ് വിഭാഗമാണ് കൂടുതലുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഡെങ്കിപ്പനിയെ സംബന്ധിച്ച് സെന്റർ ഫോർ റിസർച്ച് ഇൻ മെഡിക്കൽ എന്റമോളജി, മധുര ഇപ്പോഴും പഠനങ്ങൾ നടത്തി വരുന്നു. അവരുടെ പഠനങ്ങൾ അനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡ്സ് ഈജിപ്റ്റെ വർഗ്ഗത്തിൽപ്പെട്ട കൊതുകുകളിൽ ഡെങ്കിപ്പനിക്ക് കാരണമായ വൈറസുകളെ കണ്ടെത്തിയിട്ടുണ്ട്. വിശദമായ റിപ്പോർട്ടുകൾ പഠനം പൂർത്തിയാക്കിയ ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ.

മലമ്പനിയെ സംബന്ധിച്ച് ദേശീയ മലമ്പനി നിവാരണ പദ്ധതി, ഡൽഹി, വിവിധ പഠനങ്ങൾ നടത്തിയിട്ടുണ്ട്. നഗര പ്രദേശങ്ങളിൽ മലമ്പനി പരത്തുന്നത് അനോഫലീസ് സ്റ്റീഫൻ റെഡ് വർഗ്ഗത്തിൽപ്പെട്ട കൊതുകുകളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന ആരോഗ്യ വകുപ്പ് എന്റമോളജി വിഭാഗം രോഗ പകർച്ചയുണ്ടായ സ്ഥലങ്ങളിൽ പഠനങ്ങൾ നടത്തുകയും രോഗം പരത്തുന്ന കൊതുകുകളെ കണ്ടെത്തുകയും അവയെ നശിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

മഞ്ഞപ്പിത്തം സംബന്ധിച്ച് ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂന, പഠനങ്ങൾ നടത്തുകയും ഹെപ്പറ്റൈറ്റിസ് റ്റൈപ്പ് 3 വിഭാഗം വൈറസ്സുകളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പൂനയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും വിദഗ്ദ്ധരെത്തി ഡെങ്കിപ്പനിയെ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ട്. വിശദ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പുതിയ ആയുർവേദ ഡിസ്പെൻസറികൾ

139 [3840] *ശ്രീ. പി. കെ. കെ. ബാവ:*
,, *കെ. എൻ. എ. ഖാദർ:*
,, *ചെർക്കളം അബ്ദുള്ള:*
,, *സി. മമ്മൂട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത മുഴുവൻ പഞ്ചായത്തുകളിലും ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളാണ്. ഇക്കാര്യത്തിലുള്ള സന്നദ്ധതയ്ക്കനുസരിച്ചും സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്തും മാത്രമേ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly